28-10-2016ന് സഭയിൽ സമർപ്പിച്ച തിരുത്തിയ ഉത്തരം

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## സംയോജിത നീർത്തട പരിപാലന പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 273 — 19.07.2016 ൽ മറുപടി നൽകേണ്ടത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽകുമാർ**<br>**ശ്രീ.പി.ടി.തോമസ്**<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ഡോ.കെ.ടി.ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ്സ് മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുന്നതിന് സംയോജിത നീർത്തട പരിപാലന പദ്ധതി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കാമോ ? | (എ) | നേരത്തെ സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP) സ്വതന്ത്രമായ ഒരു പദ്ധതിയായിരുന്നു. ഇപ്പോൾ PMKSY യുടെ നാല് ഘടകങ്ങളിൽ ഒന്നായി അത് മാറിയിട്ടുണ്ട്. നീർത്തട പരിപാലന പദ്ധതിയനുസരിച്ച് ഇതിനകം സംസ്ഥാനത്തെ 2760 joint Liability Group (J.L.G) കൾക്കായി 74100000/- (ഏഴുകോടി നാൽപത്തൊന്ന് ലക്ഷം രൂപ) പ്രാരംഭ മൂലധനമായി നൽകിയിട്ടുണ്ട്. ആട് വളർത്തൽ, കോഴി വളർത്തൽ, ജൈവപച്ചക്കറി കൃഷി, ചെറുകിട സംരംഭങ്ങളായ തയ്യൽ യൂണിറ്റ്, അച്ചാർ, പപ്പടം. കറിപൗഡർ യൂണിറ്റുകൾ, ഈറ്റ മുള മുതലായവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയാണ് പദ്ധതിക്ക് കീഴിൽ നടന്ന് വരുന്നത് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ ? | (ബി) | മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കലും, കാർഷിക മേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കലും, ഗ്രാമീണ ജനതയുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തലുമാണ് സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ലക്ഷ്യം |
| (സി) | പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കാമോ ? | (സി) | പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ Water Shed Development Team (WDT) |

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് പദ്ധതിയുടെ നിർവ്വാഹണം കാര്യക്ഷമമാക്കുന്നു. ബ്ലോക്ക് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ബ്ലോക്ക്തല കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുവരുന്നു. |
| (ഡി) | പദ്ധതി പ്രവർത്തനത്തിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ എങ്ങനെയാണ് ശാക്തീകരിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ | (ഡി) | ജില്ലാ തലങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള Watershed Cell Cum Data Centre (WCDC) രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ആസൂത്രണവും നിർവ്വാഹണവും ജില്ലാ ആസൂത്രണ സമിതിക്കാണ്, DPC യെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും പ്രവർത്തിച്ച് വരുന്നുണ്ട്. |